# ആത്മസുഹൃത്ത്



ലിറ്റിൽകൈറ്റ്സ് 2019-2020

ജി. എച്ച് .എസ്. മുക്കടം

# മുഖവുര

വിരൽത്തുമ്പിൽ പ്രതിഭയുടെ സ്പർശമുള്ള കുഞ്ഞുനക്ഷത്രങ്ങൾ തെളിയാൻ തുടങ്ങുന്ന ഭാവനയുടെ കുഞ്ഞു ലോകത്തുനിന്നും അപൂർണതകളെ കൊരുത്തെടുക്കുമ്പോൾ കൂട്ടും കൈത്താങ്ങുമായി കൂടെനടക്കുന്ന ആത്മസുഹൃത്ത് ....... ഹൃദയത്തിന്റെ കോണിലൊന്നിൽ ഇടംനൽകുക ആത്മസുഹൃത്തിനും ....

.

.....ലിറ്റിൽകൈറ്റ്സ് 2019-2020 കുട്ടുകാർ

# ആശംസ

വിവര സാങ്കേതിക വിദ്യയുടെ പ്രയോഗത്തിലൂടെ വിദ്യാഭ്യാസത്തെ അന്താരാഷ്ട്രനിലവാരത്തിലേക്കുയർത്തുന്ന പ്രവർത്തനങ്ങൾ പൊതുവിദ്യാലയങ്ങളെ പുതിയയൊരു മുന്നേറ്റത്തിലേക്ക് നയിക്കുകയാണ്. വിദ്യാലയത്തിലെ, IT യിൽ മികവുപുലർത്തുന്ന കുട്ടികൾക്കായി ആ മേഖലയിൽ വിദഗ്ദ്ധപരിശീലനം നൽകാനാണ് 'ലിറ്റിൽ കൈറ്റ്സ്' കുട്ടികളുടെ IT കൂട്ടായ്മ രൂപീകരിച്ചിട്ടുള്ളത്. സാങ്കേതീകമുന്നേറ്റത്തോടൊപ്പം സർഗ്ഗാത്മകതയുടെ വികാസത്തിനും നമ്മുടെ കുട്ടികളുടെ 'ആത്മസുഹൃത്ത്' എന്ന മാഗസിൻ പ്രയോജനമാവട്ടെ.....ആശംസകൾ.

എന്ന്,

പ്രേമരാജൻ.സി.വി.
ഹെഡ്മാസ്റ്റർ.

# ഉള്ളടക്കം

**ആത്മസഖി ........................................................................4**

**മലാല–ധീരയായ പോരാളി.....................................................5**

**വാർദ്ധക്യം......................................................................................6**

**നമ്മുടെ കേരളം...........................................................................7**

**ചോദിക്കാം...പറയാമോ?...........................................................10**

**ചെടിയിൽ കായ്ക്കുന്ന അളവ് ........................................................12**

**തണൽമരം.......................................................................................13**

**പ്രളയകാലഓർമ്മകൾ......................................................................14**

**ഗാന്ധി ക്വിസ്...................................................................................17**

**ഡുണ്ടു മോൾ ...............................................................................20**

**കുടപ്പിറപ്പ്......................................................................................21**

**കേരളത്തിലെ തൊഴിലുകൾ.........................................................22**

**സ്നേഹസ്പർശം .............................................................................25**

**നിറങ്ങളുടെ ലോകം......................................................................26**

**മിന്നാമിനുങ്ങുകളും രാജകുമാരിയും .......................................27**

# ആത്മസഖി

അവളുടെ പുഞ്ചിരിയെന്നും
അഴകുള്ളൊരു   നൊമ്പരമാ
കാറ്റിൽപാറും  അവളുടെയാ
കാർകൂന്തലെന്നും  സുന്ദരമാ
നന്മവാക്കുകൾ   ചൊല്ലുമ്പോൾ
അവളുടെ  വാക്കുകൾ   പ്രിയമുള്ളതാ
വാക്കാൽ   ചൊല്ലുകുസൃതികൾ
കൈയാൽകാട്ടും വികൃതികളും
അവളുടെ  മൗനം നൊമ്പരമാ
അവളുടെ  പുഞ്ചരി  അഴകുള്ളതാ
മനസ്സിൻെറ  കോണിൽ  ഒളിപ്പിച്ചൊരാ
നന്മകളെന്നും  പുതുസുഖമാ
പിണക്കവും  ഇണക്കവും കണ്ണീരായ്
പൊഴിക്കുക അവളുടെ പതിവാണല്ലോ.



അഹന കെ പ്രസാദ്
IX

# മലാല-ധീരയായ പോരാളി



സ്ത്രീ വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്ന പാക്കിസ്ഥാൻ ആക്ടിവിസ്റ്റും ഏറ്റവും പ്രയം കുറഞ്ഞ നോബേൽ സമ്മാന ജേതാവുമാണ് മലാല യൂസഫ് സായ്.പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം നേടുന്നതിനെതിരെയുള്ള പ്രതിക്ഷേധത്തിൻെറയും അതുമായി ബന്ധപ്പെട്ട സാമൂഹ്യ സക്രിയതയുടേയും പേരിലാണ് മലാല അറിയപ്പെടുന്നത്. നവംബർ 10 അന്താരാഷ്ട്ര മലാല ദിനമായി ആചരിക്കുന്നു. 2015 ഓടെ ലോകത്തെ എല്ലാ പെൺകുട്ടികളെയും വിദ്യാലയത്തിലെത്തിക്കാനുള്ള ഐക്യരാഷ്ട്ര പ്രചാരണ പരിപാടിയുടെ മുദ്രാവാക്യം ഇതാണ് :

’ ഞാനും മലാല .’

ദേവിക പ്രദീപ്

IX

# വാർദ്ധക്യം

ശൈശവം ,ബാല്യം ,കൗമാരം, യൗവനം
മാഞ്ഞാൽ വാർദ്ധക്യം .
നാലുചുമരുകൾക്കുള്ളിൽ  ഒതുങ്ങി കൂടുന്നതല്ല  വാർദ്ധക്യം.
ശൈശവത്തിൻ ചെറുപുഞ്ചിരിയും
 ബാല്യത്തിൻ കൊച്ചു വികൃതികളും
കൗമാരത്തിൻ  മധുരമാം ഓർമകളും
 യുവത്വം  തുടിക്കുന്ന യൗവനവും
എല്ലാം മറഞ്ഞാൽ വാർദ്ധക്യം
വാർദ്ധക്യത്തിൻ പ്രതീകങ്ങളും ഊന്നുവടിയും കണ്ണടയും
ദൂരെ അകറ്റു അവയെല്ലാം
കാറ്റിൽ പറത്തു വാർദ്ധക്യം.

അഹന കെ പ്രസാദ്
IX

# നമ്മുടെ കേരളം



**. തിരുവനന്തപുരം:**

പദ്മനാഭസ്വാമിക്ഷേത്രം,കാഴ്ചബംഗ്ലാവ്,മൃഗശാല,
രാജാരവിവർമയുടെ ചിത്രങ്ങൾ, ശംഖുമുഖം

**. കൊല്ലം:**

തെൻമല,പാലരുവി,തിരുമുല്ലവാരം,അഷ്ടമുടി,ശാസ്താംകോട്ടകായൽ

**.പത്തനംതിട്ട:**

ശബരിമല,പരുമല

**.ആലപ്പുഴ:**

പുന്നമടക്കായലിലെ നെഹ്റു ട്രോഫി വള്ളംകളിയും,കുട്ടനാട്

**.കോട്ടയം:**

കുമരകം,വാഗമൺ



**.ഇടുക്കി:**

തേക്കടി,മൂന്നാർ,മറയൂർ,ഇടുക്കിഅണക്കെട്ട്,
ഇരവികുളം നാഷണൽ പാർക്ക്

**.എറണാകുളം:**

മട്ടാഞ്ചേരി,സിനഗോഗ്,ഫോർട്ട് കൊച്ചി,മ്യൂസിയം



**.തൃശ്ശൂർ:**

അതിരപ്പള്ളി വെള്ളച്ചാട്ടം,തൃശ്ശൂർപൂരം

**.പാലക്കാട്:**

ടിപ്പു സുത്താൻ നിർമിച്ചകോട്ട,മലമ്പുഴ അണക്കെട്ട്

**.മലപ്പുറം:**

തിരുനാവായ,വൈദ്യർ സ്മാരകം തുടങ്ങിയവ

**.വയനാട്:**

പഴശ്ശിസ്മാരകം,പൂക്കോട്തടാകം തുടങ്ങിയവ

**.കോഴിക്കോട്:**

കല്ലായി,ബേപ്പൂർ,കാപ്പാട് തുടങ്ങിയവ

**.കണ്ണൂർ:**

തലശ്ശേരിക്കോട്ട,സെൻറ് ആഞ്ജലോസ് കോട്ട മുതലായവ



**.കാസർഗോഡ്:**

ബേക്കൽകോട്ടയാണ്
കാസർഗോഡുള്ള എറ്റവും
പ്രസിദ്ധമായ വിനോദസഞ്ചാരകേന്ദ്രം

ദേവിക പ്രദീപ്
IX



# ചോദിക്കാം...പറയാമോ?

അച്ഛൻ വന്ന എന്ന പേരുള്ള പഴം?
.പപ്പായ

നിവർത്താനും മടക്കാനും പറ്റാത്ത കുട ഏത്?
.ഇരിങ്ങാലക്കുട

സ്ത്രീകളെ അഭിസംബോധന ചെയ്യുന്ന മാസം ഏത്?
.മേടം

വെള്ളത്തിൽ ജനനം വെള്ളത്തിൽ തന്നെ മരണം?
.ഉപ്പ്

താമസിക്കാൻ പറ്റാത്ത വീട് ഏത്?
.ചീവീട്

കണ്ണ് ഇല്ലാതെ പറക്കുകയും കരയുകയും ചെയ്യുന്ന സാധനം ഏതാണ്?

.മേഘം

ഒരക്ഷരം മാറ്റിയാൽ കുഴപ്പമാകുന്ന വാക്ക് ഏത്?
.കുഴലപ്പം

ആദ്യം പോകാൻ പറഞ്ഞിട്ട് തിരിച്ച് വിളിക്കുന്ന സ്ഥലം ഏത്?
.ഗോവ

ജയിക്കുമ്പോൾ പിന്നോട്ടും തോൽക്കുമ്പോൾ മുന്നോട്ടും പോകുന്ന കളി ഏത് ?
.വടംവലി

വള്ളി ഇല്ലാത്തപ്പോൾ ഇതൊരു മരമാണ്.........
വള്ളി ഉള്ളപ്പോൾ ഇതൊരു രോഗമാണ്.എന്താണ്?
.പന\പനി

ജനിക്കുമ്പോൾ ജനിക്കാത്തതും ജനിച്ച ശേഷം ജനിക്കുന്നതുമായ വസ്തു ഏത് ?
.പല്ല്

ഡിസ്ന ബൈജു
IX



# ചെടിയിൽ കായ്ക്കുന്ന അളവ്



ഔഷധഗുണമുള്ളതും കൂർത്ത മുള്ളുകളുള്ളതുമായ ഒരു വള്ളിച്ചെടിയാണ് കഴഞ്ചി(Caesalpiniabonduc). കടൽവെള്ളത്തിൽ കിടന്നാൽ പോലും നശിക്കാത്ത ഇതിന്റെ വിത്ത് മിക്കതും ഒരേ വലുപ്പമായിരിക്കും. കേരളത്തിലെ പഴയകാല അളവായ കഴഞ്ച് ഈ കുരുവിന്റെ ഭാരമായിരുന്നു. ഒരു കഴഞ്ച് ഏകദേശം 5 ഗ്രാമിന് തുല്യമാണ്.

ചൂടുള്ള രാജ്യങ്ങളിലെ കാടുകളിലും സമതലങ്ങളിലും കടലോരങ്ങളിലും ഇവ വളരുന്നു. ഇന്ത്യ, ശ്രീലങ്ക,ബംഗ്ളദേശ്,മ്യാന്മാർ തുടങ്ങിയ രാജ്യങ്ങളിൽ ഇവയുണ്ട്. മുള്ളുള്ള ചെടിയാണിത്.



അമൃത സിബി

IX

# തണൽമരം




അമ്മതൻ അമ്മിഞ്ഞപ്പാലിൻെറ മധുരമാം
അമ്മയെന്നുള്ളൊരാ സത്യരൂപം
തൊഴുതുവണങ്ങുവാനാഗ്രഹമുണ്ടുള്ളിൽ
പലവട്ടം മനസ്സിൽ പറഞ്ഞൂപരത്തുവാൻ
ഉണ്ണികൾ തൻ തെറ്റുകളൊക്കെയും
മഴയിൽ വരയ്ക്കുന്ന വർണനിറങ്ങൾ തൻ
സൗന്ദര്യ നിർമ്മല രൂപമമ്മ
തേയ്ച്ചാലും മായ്ച്ചാലും മായില്ലൊരിക്കലും
അമ്മതൻ പൊന്നു വാക്കുകളെല്ലാം.
മായില്ലൊരിക്കലും മറയില്ലൊരിക്കലും
അമ്മതൻ പുന്നാര ഉമ്മകളൊക്കെയും
മായാത്ത മന്ദസ്മിതമായ് സൂക്ഷിക്കും
അമ്മതൻ പുഞ്ചിരി എൻെറ ഹൃത്തിൽ
ഇനിയൊരു ജന്മമീ പൂമുഖത്തുണ്ടെങ്കിൽ
അമ്മയാമെന്നമെൻ അമ്മമതി.

ആദിത്യൻ ജയൻ
IX



# പ്രളയകാല ഓർമ്മകൾ

മഹാപ്രളയം കേരളത്തെ ഒന്നാകെ മുക്കികളഞ്ഞ വർഷമായിരുന്നു 2018. 1924-ലെ പ്രളയത്തിനുശേഷം ഏറ്റവും വലിയ വെള്ളപ്പൊക്ക ദുരന്തത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്.

ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കു പടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായിയാണ് വെള്ളപ്പൊക്ക ദുരിന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി.

അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർധിപ്പിച്ചു. ചരിത്രത്തിലാദ്യമായി 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നു വിടേണ്ടിവന്നു. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷർട്ടറുകൾ ഒരുമിച്ച് തുറന്നത്.കനത്ത മഴയിലും



പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേര് മരിച്ചതാണ് നിയമസഭയിൽ പറഞ്ഞത്.14 പേരെ കാണാതായി. കാലവർഷം ശക്തമായ ഓഗസ്റ്റ് 21-ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി.14 ജില്ലകളിലും അതീവ ജാഗ്രതാമുന്നറിയിപ്പ് പ്രഖ്യാപിച്ചിരുന്നു.

2019 ഓഗസ്റ്റ് മാസം തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായിയാണ് 2019-ലെ കേരള വെള്ളപ്പൊക്കദുരന്തം സംഭവിച്ചത്.അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോരമേഖലകളിൽ ഉരുൾപൊട്ടലും ഉണ്ടായി. തിമിർത്തു പെയ്ത മഴയാണ് ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2401 അടിയും പിന്നിടുവാൻ ഇടയാക്കിയത്.



ഈ മഹാപ്രളയത്തിൽ മനുഷ്യനും മറ്റു ജീവജാലങ്ങളും വെള്ളത്തിനോട് പൊരുതുകയായിരുന്നു. 2018-19-ൽ ജൂലൈ -ഓഗസ്റ്റ് മാസങ്ങൾ. വെള്ളപ്പൊക്കത്തിൽ പെട്ടും ഉരുൾപൊട്ടലിൽ പെട്ടും മനുഷ്യർ ജീവനോടു പൊരുതി. ദുരിതാശ്വാസ ക്യാമ്പുകളിൽ കുഞ്ഞുങ്ങൾ മുതൽ വൃദ്ധർവരെ ഉണ്ടായിരുന്നു. വെള്ളപ്പൊക്കത്തിൽ പെട്ടവരെ

രക്ഷിക്കാനായി ARMY നാവിക സേന മുതലായവർ എത്തി. ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്ന ആളുകൾക്കുവേണ്ടി പുതിയ സംഘങ്ങൾ രൂപീകരിക്കുകയുംസഹായസംഘടനകൾ ഉണ്ടാവുകയും ചെയ്തു.

നന്ദന ഷാജി
അഹന കെ പ്രസാദ്
IX



# ഗാന്ധി ക്വിസ്

.ഗാന്ധിജിയുടെ മുഴുവൻ പേര് ?

മോഹൻദാസ് കരം ചന്ദ് ഗാന്ധി.

ഗാന്ധി കുടുംബക്കാരുടെ ജാതി ഏത് ?

ബനിയാജാതി(വൈഷ്ണവ വിഭാഗം)

ഗാന്ധിജിയെ മാംസം ഭക്ഷിക്കാൻ പ്രേരിപ്പിച്ച സുഹൃത്ത് ആര് ?

ഷെയ്ഖ് മേത്താബ്

ഗാന്ധിജി വിവാഹിതനാകുമ്പോൾ പ്രായം എത്ര ?

13 വയസ്സ്

ഗാന്ധിയുടെ പ്രഥമ കൃതി ഏത് ?

ഹിന്ദ് സ്വരാജ്.

ഗാന്ധിയുടെ വളർത്തമ്മ ആര് ?

രംഭ

ഗാന്ധിജിക്ക് പഠിക്കാൻ പ്രയാസമായിരുന്ന വിഷയം ഏത് ?

ഗണിതം

ഗാന്ധിജിക്ക് എത്ര മക്കൾ ഉണ്ടായിരുന്നു ?

4

ഗാന്ധിജിയുടെ സഹോദരി ?

റാലിയത്ത് ബെഹൻ

ചർക്ക സംഘം സ്ഥാപിച്ച വർഷം ?

1925

പൂർണ്ണസ്വരാജ് ദിനം എന്ന് ?

ജനുവരി 26 ,1930

ഗാന്ധിജി സത്യാഗ്രഹാശ്രമം സ്ഥാപിച്ചതെന്ന് ?

മെയ് 25, 1915

marx and gandhi  എന്ന കൃതി രചിച്ചതാര് ?

എം.ദന്തവാതെ

മൈ ചൈൽഡ് ഹുഡ് വിത്ത് ഗാന്ധിജി രചിച്ചതാര് ?

പ്രഭുദാസ് ഗാന്ധി

ഗാന്ധിജിയുടെ മൂത്ത മകൻ ആര് ?

ഹരിലാൽ

ഗാന്ധിജിയുടെ മൂത്ത സഹോദരൻ ആര് ?


ലക്ഷ്മീദാസ്

ഗാന്ധിജിയുടെ മുത്തച്ഛൻ ആര് ?

ഉത്തംചന്ദ് ഗാന്ധി(ഓത്താഗാന്ധി)

ആൻസ്റ്റോവ ജോയി
IX

# ഡുണ്ടു മോൾ




ആറോഷ് എൻ റോബർട്ട്
IX

# കൂടപ്പിറപ്പ്

തമ്മിൽ  പിണങ്ങാനും
ഒന്നായിണങ്ങാനും
ഒപ്പമുള്ളതെന്നും  നീ
ഒരു വിളിക്കായി  നീ
കാത്തിരുന്നപ്പോൾ
അറിയാതെ  ഏകയായ്  ഞാനും
തെറ്റുകൾ  തിരുത്തി   നീ
നേർവഴി  കാട്ടി  നീ
അറിഞ്ഞില്ല  ഞാൻ  നിൻ
സ് നേഹമപ്പോൾ
കാണാതെ  കാണുമ്പോൾ
മിണ്ടാതെ  അകലുമ്പോൾ
നമ്മുടെ  പിണക്കങ്ങൾ
ഓർമ്മയായി  മാറുമ്പോൾ
നേർവഴി   കാട്ടാൻ
നീ  എവിടെ ?
ഒപ്പം  നടക്കാൻ
നീ  എവിടെ  ?

ആൻമരിയ എൽദോസ്
IX

# കേരളത്തിലെ തൊഴിലുകൾ

**മീൻപിടുത്തം**




കേരളത്തിലെ 12 ലക്ഷം പേർ മീൻ പിടുത്ത മേഖലയിൽ ജോലി ചെയ്യുന്നു. ഏറ്റവുമധികം മത്സ്യത്തൊഴിലാളികൾ ആലപ്പുഴ ജില്ലയിലാണ്. കേരളത്തിൽ നിന്ന് ഒരു വർഷം 1.25 ലക്ഷം ടൺ കടൽവിഭവങ്ങൾ കയറ്റി അയയ്ക്കുന്നു.

**കയർ മേഖല**



മൂന്നരലക്ഷം പേർ കേരളത്തിൽ കയറുകൊണ്ട് സാധനങ്ങൾ ഉണ്ടാക്കുന്ന ജോലി ചെയ്യുന്നു. കയർ ജോലി ചെയ്യുന്നവരിൽ മുക്കാൽഭാഗവും സ്ത്രീകളാണ്.

**കൈത്തറി മേഖല**

നമ്മുടെ സംസ്ഥാനത്ത് 45,000 കുടുംബങ്ങൾ കൈത്തറി ജോലി ചെയ്യുന്നു. പരമ്പരാഗത വ്യവസായങ്ങളിൽ ഒന്നാണ് കൈത്തറി. ഏറ്റവും കൂടുതൽ കൈത്തറി സംഘങ്ങൾ തിരുവനന്തപുരം ജില്ലയിലാണ്.



**കശുവണ്ടി മേഖല**



കേരളത്തിൽ മൂന്നുലക്ഷം കശുവണ്ടിത്തൊഴിലാ- ളികളുണ്ട്. കൊല്ലം ആണ് കേരളത്തിൽ ഏറ്റവുമധികം കശുവണ്ടി വ്യവസായം നടക്കുന്ന ജില്ല. ഇന്ത്യ കയറ്റി അയയ്ക്കുന്ന കശുവണ്ടിയുടെ 80 ശതമാനവും കേരളത്തിൽനിന്നാണ്.

**ആരോഗ്യ മേഖല**



മലയാളി നഴ്സുമാരുടെ ഡോക്ടർമാരുടേയും സേവനം ലോകമെങ്ങുമുണ്ട്. 18 ലക്ഷം മലയാളി നഴ്സുമാരാണ് പല രാജ്യങ്ങളിലായി ജോലി ചെയ്യുന്നത്. 75 ശതമാനം മലയാളി കുടുംബങ്ങളിലും നഴ്സായി ജോലി നോക്കുന്ന ഒരാളെങ്കിലുമുണ്ട്.

**മുള വ്യവസായം**



ആയിരക്കണക്കിന് ആളുകൾ കേരളത്തിൽ മുള കൊണ്ട് വിവിധ സാധനങ്ങൾ ഉണ്ടാക്കി

വിറ്റ് ജീവിക്കുന്നു. മുള വ്യവസായം പ്രോത്സാഹിപ്പിക്കാനായി സംസ്ഥാന സർക്കാർ ബാംബൂ കോർപ്പറേഷൻ ഉണ്ടാക്കിയിട്ടുണ്ട്.

കൃഷ്ണ സജീവൻ
IX



# സ്നേഹസ്പർശം

ഞാൻ പിണങ്ങുമ്പോൾ   നീറുന്ന
കരയുമ്പോൾ വിങ്ങുന്ന കളങ്കമില്ലാത്ത
മാനസം

എൻ അച്ഛന്റെ  സുന്ദരമാനസം
എനിക്കുവേണ്ടി സഹിക്കുന്ന വേദന
ഒരു നാളിൽ മായ്ക്കുവാൻ കഴിയേണമേ
ആ മനസ്സൊന്നു നീറിയാൽ ഞാനറിയും
ആ മുഖമൊന്നു വാടിയാൽ ഞാനറിയും
മൗനത്തിൻ വേദനയും ഞാനറിയും
എൻ അച്ഛന്റെ   കുസൃതിക്കുടുക്കയാ ഞാൻ
ആ  സ്നേഹത്തിൻ പവിത്രത എനിക്കറിയാം
എന്റെ തെറ്റുകളെ വികൃതിയായ് മാറ്റുന്ന
എന്റെ  ഭാഗ്യമാണെന്നുമെന്റെ അച്ഛൻ
ഇനിയൊരു ജന്മമീ പൂമുഖത്തുണ്ടെങ്കിൽ
അച്ഛനായെന്നുമെൻ അച്ഛൻ മതി.

നന്ദന ഷാജി
IX

# നിറങ്ങളുടെ ലോകം



അലോഷ്യസ് ജോസഫ്
VIII

# മിന്നാമിനുങ്ങുകളും

# രാജകുമാരിയും

അലീന രാജകുമാരിക്ക് ഒരു കുഴപ്പമേയുള്ളൂ. വലിയ വാശിക്കാരിയാണ്. അച്ഛനോ അമ്മയോ എന്തെങ്കിലും വഴക്കുപറഞ്ഞാൽ രാജകുമാരി കൊട്ടാരത്തിൽനിന്ന് പിണങ്ങിപ്പോകും. പിണങ്ങിപ്പോയ കുമാരിയെയും തിരഞ്ഞുനടക്കലാണ് രാജസേവകരുടെ പ്രധാനജോലി.

ക്രിസ്തുമസിൻെറ തലേന്നും അലീന രാജകുമാരി പിണങ്ങിപ്പോയി. ഒരുപാട് മധുരം കഴിച്ചതിന് അമ്മ വഴക്കുപറഞ്ഞതായിരുന്നു കാരണം.

ഇത്തവണ കുമാരി വലിയ പിണക്കത്തിലായിരുന്നു. അതുകൊണ്ട് അവൾ കൊട്ടാരത്തിൽ നിന്ന് കുറേ അകലേക്കു പോയി. കഷ്ടം. പോകുന്ന പോക്കിൽ അലീന വലിയൊരു കുഴിയിൽ വീണു.

പാവം കുമാരി എത്ര ശ്രമിച്ചിട്ടും കുഴിയിൽ നിന്ന് കയറാനായില്ല. അലീന ഉറക്കെ കരയുവാൻ തുടങ്ങി.

രാത്രിയായി നാടാകെ നക്ഷത്രവിളക്കുക തെളിഞ്ഞു. രാജകുമാരി മാത്രം കുഴിക്കുള്ളിൽ ഇരുട്ടിൽ...

അപ്പോൾ കുറേ മിന്നാമിനുങ്ങുകൾ അതുവഴി വന്നു.

കരയുന്ന കുഞ്ഞുരാജകുമാരിയെ അവർ കണ്ടു. മിന്നാമിനുങ്ങുകൾ കുമാരിയെ സന്തോഷിപ്പിക്കാനായി നൃത്തം തുടങ്ങി.

അത്തരമൊരു നൃത്തം കുമാരി ആദ്യമായി കാണുകയാണ്. സങ്കടങ്ങളെല്ലാം മറന്ന് അലീന രാജകുമാരി ചിരിച്ചു. മിന്നാമിനുങ്ങുകൾ അവളെ കൊട്ടാരത്തിലേക്കു വെളിച്ചം കാട്ടി നയിച്ചു.

ദൃശ്യ സജി
vii

# നന്ദിയുടെ വാക്ക്...

സ്കൂളിലെ ലൈറ്റിൽകൈറ്റ്സ് ക്ളബ്ബിന്റെ പ്രവർത്തനഭാഗമായി തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ " ആത്മസുഹൃത്ത് " പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകിയ ഹെഡ് മാസ്റ്ററിനും എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും ഒരായിരം നന്ദി അറിയിക്കുന്നു ....

